LIBRARY ARCHIVES Kerala Legislative Assembly

കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി

165(4796) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ താലൂക്കിലെ, മങ്കട, കീഴാറ്റൂർ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്ന കുമാരഗിരി എസ്റ്റേറ്റിനുവേണ്ടി വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തരമായി സർവ്വേ നടപടികൾ നടത്തി സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ഏകദേശം 600 ഏക്കറോളം സർക്കാർ ഭൂമി കയ്യേറിയതായി പരാതിയുള്ള കുമാരഗിരി എസ്റ്റേറ്റിൽ നിന്നും സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പരാതിയുണ്ടായിരുന്നു. സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം സ്പെഷ്യൽ സർവ്വേ ടീം പരിശോധിച്ചതിൽ സർക്കാർ ഭൂമി കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ല.

ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതി

166(4797) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭൂരേഖ പരിഷ്കരണ പദ്ധതിയിൽ (എൻ. ആർ. എം. എൽ.) ഉൾപ്പെടുത്തി ഭൂരേഖകളുടെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ജില്ലയിൽ എത്ര ശതമാനം ഭൂരേഖകൾ കമ്പ്യൂട്ടർവൽക്കരിച്ചു എന്ന് വിശദമാക്കുമോ;

(സി) ബാക്കി പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.